ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഏറ്റവും പ്രധാനപ്പെട്ട ലോക ശ്രദ്ധയാകർഷിക്കുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് പൊൻമുടി. അവിടെ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിച്ചിട്ട് അഞ്ച് വർഷം കഴിഞ്ഞുവെങ്കിലും അത് ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അത് അടിയന്തരമായി ഉദ്ഘാടനം ചെയ്യാമോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, പൊൻമുടിയിൽ വളരെ പഴക്കം ചെന്ന ഒരു ഗസ്റ്റ്ഹൗസായിരുന്നു ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ ഗസ്റ്റ്ഹൗസ് നവീകരിക്കുന്നതിനുവേണ്ടി ഏതാണ്ട് 6 കോടി രൂപ അനുവദിച്ചു. അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല; ഗവൺമെന്റ് സജീവമായ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്.

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എയർ ആംബുലൻസ് പദ്ധതി

3 (T* 213) ശ്രീ. കെ. അജിത്:

ശ്രീ. സി. ദിവാകരൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി സ്വകാര്യ പങ്കാളിത്തം തേടിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര വിമാന കമ്പനികൾ അപേക്ഷ നൽകി ; പദ്ധതിയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന്റെ ചുമതല നൽകിയിട്ടുള്ളത് ആർക്കാണ്; പദ്ധതി യഥാസമയം ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) എയർ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതിക്കായി സ്വകാര്യ പങ്കാളിത്തം തേടിയിട്ടുണ്ട്.

(ബി) എയർ ആംബുലൻസ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താല്പര്യപത്രം ക്ഷണിക്കുകയും അതിൽ ഏഴ് കമ്പനികൾ താല്പര്യപത്രം സമർപ്പിക്കുകയും ചെയ്തു. കേരളത്തിലെ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സ്വകാര്യ ആശുപത്രികളും സർക്കാർ ആശുപത്രികളും ചേർന്ന് ഒരു കൺസോർഷ്യം ഉണ്ടാക്കുകയും ഇവരുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഒരു കരാറിൽ ഏർപ്പെടുകയും, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രസ്തുത കരാർ പ്രകാരം ടെണ്ടർ വിളിച്ച് പ്രസ്തുത വിമാന കമ്പനികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് സമർപ്പിക്കുന്നവരെ ഓപ്പറേറ്റിംഗ് ഏജൻസിയായി നിശ്ചയിച്ച് അവരുമായി ഒരു കരാറിൽ ഏർപ്പെട്ട് പ്രവർത്തിക്കുവാനായാണ് വിഭാവന ചെയ്യുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 14-10-2015-ാം തീയതിയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സ്വകാര്യ ആശുപത്രി മേധാവികളുടെ ഒരു യോഗം വിളിക്കുകയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. അതിനുശേഷം സ്വകാര്യ ആശുപത്രികളെ കത്ത് മുഖാന്തരം പദ്ധതിയിൽ ചേർന്ന് പ്രവർത്തിപ്പിക്കാനുള്ള താല്പര്യം അറിയിക്കുവാനായി ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഭൂരിഭാഗം ആശുപത്രികളും പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കാനുള്ള താല്പര്യം പ്രകടമാക്കിയില്ല. അതിനാൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മറ്റു വഴികൾ ആരായുകയും തൽഫലമായി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജിയെ സമീപിക്കുകയും ചെയ്തു. 14-1-2016-ാം തീയതിയിൽ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി മേധാവിയും ട്രാൻസ്പോർട്ട് വകുപ്പ് സെക്രട്ടറിയും ആരോഗ്യവകുപ്പ് സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ചേർന്ന് ഒരു യോഗം നടത്തുകയും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി പരിശീലന പറക്കലിനായി ഉപയോഗിക്കുന്ന അവരുടെ വിമാനങ്ങൾ ഉപയോഗിച്ച് വളരെ കുറഞ്ഞ ചെലവിൽ ഫലപ്രദമായി പ്രസ്തുത പദ്ധതി നടത്താമെന്ന് സമ്മതിക്കുകയും ചെയ്തു. അതിലേക്കായി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി ഒരു കരട് ധാരണാപത്രം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly